**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5383** **21-07-2022 - ൽ മറുപടിയ്ക്ക്**

**ബൈക്കുകളുടെ മത്സരയോട്ടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ .പി. കെ. ബഷീർ** | | **ശ്രീ ആന്റണി രാജു (ഗതാഗത വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പല സുപ്രധാന പാതകളിലും യുവാക്കൾ ബൈക്ക് റേസിങ് നടത്തുകയും അതുവഴി ജനങ്ങൾക്ക് ജീവഹാനി ഉണ്ടാകുകയും ചെയ്തിട്ടും വകുപ്പ് കർശന നടപടികൾ സ്വീകരിക്കുന്നില്ല എന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിരത്തുകളിലെ അനധികൃത ബൈക്ക് റേസിംഗ് ഉൾപ്പെടെയുള്ള നിയമ ലംഘനങ്ങൾക്കെതിരെ മോട്ടോർ വാഹന വകുപ്പ് സ്പെഷ്യൽ ഡ്രൈവുകൾ സംഘടിപ്പിക്കുകയും കുറ്റക്കാർക്കെതിരെ കർശന നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. |
| (ബി) | ഇത്തരത്തിലുള്ള കേസുകൾ സംസ്ഥാനത്ത് എവിടെയെല്ലാം റിപ്പോർട്ട് ചെയ്തിട്ടുണ്ട്; വിശദാംശം വെളിപ്പെടുത്തുമോ ; | (ബി) | സംസ്ഥാനത്ത്, ഇത്തരം കേസുകൾ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, ഇടുക്കി, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (സി) | അപകടകരമായ രീതിയിൽ പൊതു നിരത്തിൽ ബൈക്ക് റേസിങ് നടത്തുന്നവർക്കെതിരെ എന്ത് നിയമ നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ; | (സി) | പിഴ ഈടാക്കുന്നതും ഡ്രൈവിംഗ് ലൈസൻസ് സസ്പെൻഡ് ചെയ്യുന്നതുമുൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ഡി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ബൈക്ക് റേസിങ് അപകടം മൂലം എത്രപേർക്ക് ജീവഹാനി സംഭവിച്ചുവെന്ന് വ്യക്തമാക്കുമോ? | (ഡി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ബൈക്ക് റേസിങ്മൂലം 4 അപകടമരണങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ